**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4989** **04-07-2024 - ൽ മറുപടിയ്ക്ക്**

**മിൽമ ബൂത്ത് സ്ഥാപിക്കാൻ എൻ.ഒ.സി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിൽപ്പെട്ട നാട്ടുകാണി പരപ്പനങ്ങാടി പി.ഡബ്ല്യൂ.ഡി. റോഡിൽ പരപ്പനങ്ങാടി ബസ് സ്റ്റാൻഡിന്റെയും റെയിൽവേ അണ്ടർപ്പാസിന്റെയും അടുത്ത് പൊതുമരാമത്ത് വകുപ്പിന്റെ ഭൂമിയിൽ മിൽമ ബൂത്ത് സ്ഥാപിക്കുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി കെ.ഫാത്തിമ നൽകിയ നിവേദനത്തിൽ അന്തിമ തീരുമാനമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; വിശദമാക്കാമോ; | (എ) | നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം മറ്റ് വകുപ്പിനോ വ്യക്തികൾക്കോ നൽകാൻ പാടില്ല എന്ന സർക്കുലറിലെ നിർദ്ദേശം നിലനിൽക്കുന്നതിനാൽ സ്വകാര്യ വ്യക്തികൾക്ക് സ്ഥലം അനുവദിക്കാനാവില്ല. ഇതുമായി ബന്ധപ്പെട്ട് ബഹു. എം.എൽ.എ-യ്ക്കും കക്ഷിക്കും നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ തലത്തിൽ മറുപടി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത വിഷയത്തിൽ നം: 6917173/2023/ എം(പി.ഡബ്ല്യൂ.ഡി.) ഫയൽ പ്രകാരം പൊതുമരാമത്ത് വകുപ്പ് മന്ത്രി പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ)വിഭാഗം ചീഫ് എൻജിനീയർക്ക് വിഷയം പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് ആവശ്യപ്പെട്ടത് പ്രകാരമുള്ള റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം മറ്റ് വകുപ്പിനോ വ്യക്തികൾക്കോ നൽകാൻ പാടില്ല എന്ന സർക്കുലറിലെ നിർദ്ദേശം നിലനിൽക്കുന്നതിനാൽ സ്വകാര്യ വ്യക്തികൾക്ക് സ്ഥലം അനുവദിക്കാനാവില്ല. ഇതുമായി ബന്ധപ്പെട്ട് ബഹു. എം.എൽ.എ-യ്ക്കും കക്ഷിക്കും നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ തലത്തിൽ മറുപടി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ശ്രീമതി കെ.ഫാത്തിമയുടെ നിവേദന പ്രകാരം മിൽമ ബൂത്ത് സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായുള്ള എൻ.ഒ.സി. നൽകുമോ; വിശദമാക്കാമോ? | (സി) | നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം മറ്റ് വകുപ്പിനോ വ്യക്തികൾക്കോ നൽകാൻ പാടില്ല എന്ന സർക്കുലറിലെ നിർദ്ദേശം നിലനിൽക്കുന്നതിനാൽ സ്വകാര്യ വ്യക്തികൾക്ക് സ്ഥലം അനുവദിക്കാനാവില്ല. ഇതുമായി ബന്ധപ്പെട്ട് ബഹു. എം.എൽ.എ-യ്ക്കും കക്ഷിക്കും നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ തലത്തിൽ മറുപടി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

CEPWD/847/2023-C2(W)-RD

I/327244/2023

കേരള പൊതുമരാമത്ത് വകുപ്പ്

മൊബൈൽ: 8086395025
ഫോൺ/ഫാക്സ് : 0471 2322346
ഇ-മെയിൽ: ceroads.pwd@kerala.gov.in
വെബ്സൈറ്റ് : www.pwd.kerala.gov.in

ചീഫ് എഞ്ചിനീയറുടെ കാര്യാലയം(നിരത്തുകൾ)
പബ്ലിക് ഓഫീസ് കോംപ്ലക്സ്
പബ്ലിക് ഓഫീസ്.പി.ഒ
തിരുവനന്തപുരം (പിൻ-695 033)

നം. CEPWD/847/2023-C2(W)-RD

തീയതി : 30-05-2023

പ്രേഷകൻ

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീ കെ പി എ മജീദ്
എം എൽ എ (തിരൂരങ്ങാടി )
കരുവള്ളി പത്തിക്കൽ വീട്
പടപ്പറമ്പ്, മക്കരപ്പറമ്പ് (വഴി)
വറ്റല്ലൂർ പി ഒ
മലപ്പുറം

സർ,

വിഷയം:- പൊ.മ.വ(നിരത്തുകൾ) -മിൽമ ബൂത്തിന് വേണ്ടി പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയ്ക്ക് താങ്കൾ സമർപ്പിച്ച പരാതിക്ക് മറുപടി നൽകുന്നത് സംബന്ധിച്ച്.-

സൂചന:- 1. പരാതി നമ്പർ MLP-E-6917173/2023/MIN(PWD )

2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ) മഞ്ചേരിയുടെ 06/05/2023 ലെ ഇഎ4/638/2023 നമ്പർ കത്ത്.

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മേൽ നിവേദനത്തിൽ പരാമർശിക്കുന്ന സൈറ്റ് പരിശോധിച്ചു. നാട്ടുകാണി പരപ്പനങ്ങാടി റോഡും റയിൽവേ ഓവർ ബ്രിഡ്ജും കൂടി ചേർന്ന സ്ഥലത്ത്, പരപ്പനങ്ങാടി ബസ്സ്റ്റാന്റിന് എതിർവശത്തുള്ള സ്ഥലമാണ് മിൽമ ബൂത്തിനായി ആവശ്യപ്പെട്ടത്. റെയിൽവേ ഓവർ ബ്രിഡ്ജിലേക്കുള്ള അപ്രോച്ച് റോഡ് RBDCK യുടെ കൈവശമാണ്. ആയത് ഇതുവരെ പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ സെക്ഷൻ പരപ്പനങ്ങാടിയുടെ കാര്യാലയത്തിന് കൈമാറിയിട്ടില്ല.

നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാവൂ എന്നും മറ്റ് വകുപ്പിനോ വ്യക്തികൾക്കോ നൽകാൻ പാടില്ല എന്ന ഉത്തരവ് നിലനിൽക്കുന്നുണ്ട് എന്ന വിവരവും അറിവിലേക്കായി സമർപ്പിക്കുന്നു..

CEPWD/847/2023-C2(W)-RD

I/327244/2023

Signed by
Ajith Ramachandran
Date: 30-05-2023 17:53:24

വിശ്വസ്തതയോടെ,

AJITH RAMACHANDRAN
CHIEF ENGINEER

ഉള്ളടക്കം: സൂചന (2)

പകർപ്പ് :- കെ.ഫാത്തിമ,
മേലേപ്പുറത്ത് ഹൗസ്,
പാലത്തിങ്ങൽ ഉള്ളണം പി.ഒ,
പരപ്പനങ്ങാടി മലപ്പുറം - 676303.